# മാറാത്ത മനോരോഗം

കുറ്റിപ്പുഴ കൃഷ്ണപിള്ള



മാറാത്ത മനോരോഗം

കുറ്റിപ്പുഴ കൃഷ്ണപിള്ള
(മലയാളം: ലേഖനം)

© 2024, Sahitya Akademi

The electronic versions have been created by making use of the production infrastructure of River Valley Technologies.


The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Dedham Lock and Mill, a painting by John Constable (1776–1837). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# മാറാത്ത മനോരോഗം



മാർട്ടിൻ ലൂതർ കിങ്

സ്വതേ ക്ഷിപ്രവിശ്വാസിയാണ് മനുഷ്യൻ. എന്തും എളുപ്പം വിശ്വസിക്കാനുള്ള ഒരു പ്രവണത ഭൂരിപക്ഷം ജനങ്ങളിലും വേരൂന്നിക്കിടക്കുന്നുണ്ട്. ഇതൊരു മാറാത്ത മാനസികരോഗമാണെന്നുവരെ പറയേണ്ടിയിരിക്കുന്നു. ജീവിതപുരോഗതിയെ തടഞ്ഞുനിർത്തുന്ന ഈ പ്രാകൃതവാസനയിൽനിന്ന് അഭ്യസ്തവിദ്യർക്കുപോലും മോചനം ലഭിക്കുന്നില്ല. യുക്തിപൂർവം ചിന്തിക്കാനുള്ള വൈമുഖ്യമാണ് ഇതിന്റെ പ്രധാനകാരണം. ‘കഠിനവും കാമ്പുറ്റതുമായ ചിന്തയിൽ സ്വമനസാ ഏർപ്പെടുന്ന മനുഷ്യരെ ചുരുക്കമായിട്ടേ നാം കാണുന്നുള്ളൂ. ചിന്തിച്ചുനോക്കേണ്ടിവരുക എന്നതിൽക്കവിഞ്ഞ് ചിലരെ അസുഖപ്പെടുത്തുന്ന മറ്റൊന്നില്ല’ (Rarely do we find men who willingly engage in hard, robust thinking. Nothing pains some people more than having to think) എന്ന് ഈയിടെ വധിക്കപ്പെട്ട നീഗ്രോനേതാവ് മാർട്ടിൻ ലൂതർ കിങ് ഒരു പള്ളിപ്രസംഗത്തിൽ പറയുകയുണ്ടായി. അദ്ദേഹം ഒരു മതവിശ്വാസിയായിരുന്നെങ്കിലും ബുദ്ധിമാനായ ചിന്തകനായിരുന്നു. അല്പപക്ഷം ചിന്തിക്കുക ഭൂരിപക്ഷം അതിന്റെ പിന്നാലെ പോകുക ഇതാണല്ലോ ലോകഗതി. വിശേഷിച്ചും മത കാര്യങ്ങളിൽ. പത്തിരുപത് നൂറ്റാണ്ട് മുമ്പേ ജീവിച്ചിരുന്ന മനുഷ്യർ അജ്ഞതമൂലം എന്തെല്ലാം അന്ധമായി വിശ്വസിച്ചിരുന്നു! അന്നത്തെ മതസ്ഥാപകരും ആചാര്യന്മാരും പ്രപഞ്ചവിജ്ഞാനത്തിൽ കേവലം ശിശുക്കളായിരുന്നില്ലേ? സർവ്വോൽകൃഷ്ടമായ ആത്മജ്ഞാനം അവർക്കുണ്ടായിരുന്നു എന്നതാകാം ഇതിന് ചിലരുടെ പ്രത്യുത്തരം. പക്ഷേ, ആത്മാവുണ്ടായിട്ട് വേണ്ടേ അതിനെപ്പറ്റി ജ്ഞാനമുണ്ടാകാൻ? മരണാനന്തരം അവശേഷിക്കുന്നതായി വിശ്വസിക്കപ്പെടുന്ന ശരീരനിരപേക്ഷമായൊരു ആത്മാവ് മാനവമനസ്സിന്റെ സങ്കല്പസൃഷ്ടിമാത്രമാണെന്ന് ജീവശാസ്ത്രം ഇപ്പോൾ കൂടുതൽ കൂടുതൽ തെളിയിച്ചുകൊണ്ടിരിക്കയാണല്ലോ. അപ്പോൾ പിന്നെ വെറും വിശ്വാസമല്ലാതെ ആത്മജ്ഞാനത്തിനെന്തടിസ്ഥാനം? പണ്ടത്തെ ദിവ്യന്മാരും ഇന്നത്തെ സാധാരണനേക്കാളേറെ അജ്ഞരും അന്ധവിശ്വാസികളുമായിരുന്നുവെന്നതാണ് ചരിത്രസത്യം. അവരുടെ തിരുവചനങ്ങൾതന്നെ ഈ വസ്തുതയ്ക്ക് തെളിവാണ്. അവയിൽ ഇന്നും കൊള്ളാവുന്ന പലതും കണ്ടേക്കാം. പക്ഷേ, കൊള്ളരുതാത്തവയാണ് ഏറിയകൂറും. എന്നിട്ടും അവയൊക്കെ വിവേചനം കൂടാതെ അപ്പടി കണ്ണടച്ചുവിശ്വസിച്ച് മനസ്സിനെ ഒരു ചവറ്റുകൊട്ടയാക്കിക്കൊണ്ട് നടക്കാൻ ഇന്ന് പഠിപ്പുള്ളവർപോലും നിർലജ്ജം മുതിരുന്നതാണത്ഭുതം. അഞ്ചാംവയസ്സിൽ തുന്നിച്ച ഉടുപ്പ് അമ്പതാംവയസ്സിലും ഇട്ടുനോക്കാൻ പാടുപെട്ടാൽ എന്തുചെയ്യും!

മനസ്സിനെ ബാധിക്കുന്ന ഒരുതരം വാതരോഗമാണ് ഈ ക്ഷിപ്രവിശ്വാസശീലം. സയൻസ് പഠിച്ചവരുടെ ബുദ്ധിയെയും അത് തളർത്തിക്കളയുന്നു. പക്ഷവാതം പിടിച്ച് ശരീരത്തിന്റെ ഒരു ഭാഗം തളർന്ന് മരവിക്കുന്നതുപോലെ ബുദ്ധിക്കും സംഭവിച്ചാൽ പിന്നെ രക്ഷയില്ല. ചിന്താലോകത്തിൽ പലരും മന്ദന്മാരും മുടന്തന്മാരുമായിത്തീരുന്നതിങ്ങനെയാണ്. ബുദ്ധിയുടെ ഒരുവശം മതകാര്യങ്ങളിൽ തളർന്നും മറുവശം ശാസ്ത്രപഠനത്തിൽ ഉണർന്നും ഇരുന്നാൽ ഭാഗികമായി ആ ഉണർവുകൊണ്ട് പ്രയോജനമുണ്ടാകയില്ല. ഇന്ത്യയിൽ ഒന്നാംകിടശാസ്ത്രജ്ഞന്മാർ ചുരുക്കമായിപ്പോകുന്നതിനുള്ള കാരണം ഇതാണെന്ന് ഈയിടെ ഒരു പണ്ഡിതൻ ഒരു പത്രലേഖനത്തിൽ ചൂണ്ടിക്കാണിച്ചിരിക്കുന്നു. മുഖസ്തുതിയും കൈക്കൂലിയുംകൊണ്ട് ദൈവത്തെ തൃപ്തിപ്പെടുത്തി ഭക്തിപ്രകടനം നടത്തുന്ന എത്രയോ സയൻസ് പ്രൊഫസർമാരില്ലേ നമ്മുടെ നാട്ടിൽ? അന്ധവിശ്വാസങ്ങളുടെ വിഴുപ്പുഭാണ്ഡം ചുമന്നുകൊണ്ടാണ് ഇക്കൂട്ടർ ശാസ്ത്രപരിഷത്തിലും ഗവേഷണശാലയിലും ഹാജരാകുന്നത്. ഇവരുടെ ബുദ്ധി എങ്ങനെ സ്വതന്ത്രമായി പ്രവർത്തിക്കും?



ബർക്കൻഹെഡ്പ്രഭു

‘വിശ്വാസം നിന്നെ രക്ഷിക്കും. അജ്ഞാനികൾക്ക് ബുദ്ധിഭേദം ജനിപ്പിക്കരുത്’ എന്നും മറ്റും മതാചാര്യന്മാർ പണ്ടേ പറഞ്ഞുറപ്പിച്ചുവച്ചിരിക്കയാണ്. ജനതതി മതമൂഢതയിൽനിന്ന് ഉണരാതിരിക്കാൻ വേണ്ടി അവർ പുറപ്പെടുവിച്ചിട്ടുള്ള അനർത്ഥകാരികളായ ജീർണവാക്യങ്ങളാണിവ. മതവിശ്വാസം രക്ഷയല്ല, മനുഷ്യജീവിതത്തിനൊരു ശിക്ഷയാണ്. പോരാ അതൊരു ശാപവും ഭാരവുമാണ്. ഒരു ചൂഷണോപകരണം കൂടിയാണ്. അതിന്റെ ബീഭത്സരൂപങ്ങൾ ഇന്ത്യയുടെ രാഷ്ട്രീയ-സാമൂഹ്യപുരോഗതിക്ക് വിലങ്ങുതടികളായിത്തീർന്ന് ഇന്നും ഭീകരതാണ്ഡവം നടത്തുന്നുണ്ട്. ഏതൊരു വിശ്വാസവും സ്വതന്ത്രമായ യുക്തിവിചാരംകൊണ്ട് നവീനവിജ്ഞാനത്തിന്റെ വെളിച്ചത്തിൽ പരിശോധിച്ചുനോക്കിയിട്ടുവേണം സ്വീകരിക്കാനെന്ന പ്രാഥമികപാഠംപോലും നാം മറന്നുപോകുന്നു. ആദ്യംതന്നെ വിശ്വാസം അകത്ത് കടന്ന് കുടിപ്പാർപ്പുതുടങ്ങുകയാണ്. പിന്നെ ആ വിശ്വാസത്തെ എങ്ങനെയെങ്കിലും സാധൂകരിക്കാനുള്ള മുട്ടുയുക്തി കണ്ടുപിടിക്കലായി. പണ്ഡിതമൂഢന്മാരിൽ സാധാരണ കണ്ടുവരുന്ന ചിന്താപരമായ തകിടംമറിച്ചിലാണിത്. ‘ഗംഭീരാശയരായ വളരെ പണ്ഡിതന്മാരെ ഞാൻ കണ്ടിട്ടുണ്ട്. അവർ ഗംഭീരമൂഢന്മാരുമായിരുന്നു’ (I have seen many profound scholars who were also profound simpletons) എന്ന് ബർക്കൻഹെഡ്പ്രഭു ഒരിക്കൽ പറയുകയുണ്ടായി. ഏത് രാജ്യത്തും കാണാം ഇമ്മാതിരി വൈരുദ്ധ്യം.

വിശ്വാസത്തിന്റെ ബീഭത്സരൂപങ്ങൾ നമ്മുടെ നാട്ടിൽ ഈ ശാസ്ത്രയുഗത്തിലും വർദ്ധിച്ചുവരികയാണ്. അടുത്തകാലത്ത് ആളുകളുടെ കണ്ണുമൂടിയ ഒരു വിചിത്രസംഭവമാണല്ലോ തൃശ്ശൂരിനടുത്തുള്ള ഒരു ക്ഷേത്രത്തിൽ ആലിൻകൊമ്പത്ത് ശ്രീകൃഷ്ണൻ പ്രത്യക്ഷപ്പെട്ടത്. എന്തൊരു ജനപ്രവാഹമായിരുന്നു അങ്ങോട്ട്! ഡോക്ടർമാരും മന്ത്രിമാരും വക്കീലന്മാരും മറ്റും ദർശനത്തിന് തിരക്ക് കൂട്ടിയപ്പോൾ പിന്നെ മറ്റുള്ളവരുടെ കഥ പറയാനുണ്ടോ? ഭ്രമിതമതികളായ പല യോഗ്യന്മാരും ഇതിലെന്തോ ഉണ്ടെന്ന് സമർത്ഥിക്കാനും ശ്രമിച്ചു. വിലപ്പെട്ട ചില പത്രങ്ങൾ ഈ ഭ്രാന്തൻവാർത്തയ്ക്ക് പ്രാധാന്യംകൊടുത്ത് സ്ഥലം പാഴാക്കിയതാണ് പരിതാപകരം. വാസ്തവത്തിൽ അതൊരു ജനദ്രോഹമായിരുന്നു. ഒടുവിലെന്തുണ്ടായി? ക്ഷേത്രത്തിലേക്ക് കുറെ പണം പിരിഞ്ഞുകിട്ടി. ക്രമേണ പൊതുജനങ്ങളുടെ മതിഭ്രമം നീങ്ങി. ആലിൻകൊമ്പത്ത് ശ്രീകൃഷ്ണനുപകരം കുറെ ഇലകൾ മാത്രം ശേഷിച്ചു. ഇപ്പോൾ ജനക്കൂട്ടത്തിന്റെ പൊടിപോലും അവിടെ കാണുന്നില്ല. വിശ്വാസികളുടെ കൂട്ടഭ്രാന്ത് കേന്ദ്രീകരിച്ചിരിക്കുന്ന മറ്റൊരിടമാണ് മുടിക്കിരീടമണിഞ്ഞു അവതാരമൂർത്തിയുടെ വേഷംകെട്ടിയിരിക്കുന്ന ഒരു ‘ഭഗവാന്റെ’ മഹനീയസന്നിധി. ആകാശത്തുനിന്ന് ഭസ്മം ഇറക്കുമതിചെയ്ത് ഈ ഭഗവാൻ ഭക്തജനങ്ങളെ വശീകരിക്കുന്നു. ‘ദാസദാസോഹം’ പാടി ദണ്ഡനമസ്കാരം ചെയ്യാൻ അവിടെയും ഓടിക്കൂടുന്നുണ്ട് പ്രൊഫസർമാരും ഡോക്ടർമാരും ജഡ്ജിമാരും മറ്റും. വിശ്വാസാന്ധ്യം മൂർച്ഛിച്ചാൽ മാനംകെട്ട ഏതുപ്രവൃത്തിക്കും ആളുകൾ തയ്യാറാകും. ആത്മീയത്തട്ടിപ്പുകാരെ ജയിലിലിലടയ്ക്കാൻ നാട്ടിൽ നിയമമില്ലാത്തതാണ് മഹാകഷ്ടം. തല്ക്കാലവിനോദത്തിനായി കാശുവെച്ച് പകിട കളിക്കുന്നവരെ പോലീസുകാർ പിടികൂടും; അതേസമയം ആദ്ധ്യാത്മികതയുടെ പേരിൽ ജനക്കൂട്ടത്തെ ചൂഷണംചെയ്ത് ലക്ഷക്കണക്കിന് സമ്പാദിക്കുന്നവരെ ദിവ്യന്മാരായി വിലസാൻ സർക്കാർ അനുവദിക്കുകയുംചെയ്യുന്നു! ഇക്കണ്ടതൊന്നും പോരാഞ്ഞിട്ടെന്നപോലെ ഇപ്പോളിതാ ഒരു ദിനപത്രത്തിന്റെ വാരാന്ത്യപ്പതിപ്പിൽ മറ്റൊരു പ്രതിഭാസം പൊന്തിവന്നിരിക്കുന്നു—മലർന്നുകിടന്ന് ഊരുപ്രദേശത്തിലൊരു ഭാഗം അനാവൃതമാക്കിക്കൊണ്ട് അപാരതയിലേക്ക് തുറിച്ചുനോക്കി ‘പരബ്രഹ്മം കണ്ടുരുളുന്ന’ ഒരു തപസ്വിനി! ഫോട്ടോസഹിതം വിസ്തരിച്ചൊരു ലേഖനവും. ദർശനമാത്രയിൽ പുളകിതഗാത്രനായി സാഷ്ടാംഗം നമസ്കരിച്ച് കൃതാർത്ഥത നേടിയ ഒരു ഭക്തനാണ് ലേഖകൻ. ഏഴെട്ട് കൊല്ലമായി ഭക്ഷണമോ മലമൂത്രവിസർജനമോ കൂടാതെയാണത്രെ ഈ അത്ഭുത ജീവി പ്രാണധാരണംചെയ്യുന്നത്! ദിവ്യത്വത്തിന് ഇതിൽക്കൂടുതൽ തെളിവെന്ത് വേണം?

പഴച്ചക്ക മുറിക്കുമ്പോൾ ഈച്ചകൾ കൂട്ടംകൂടുന്നതുപ്പോലെ ഇനി അങ്ങോട്ടാകും ജനസമൂഹത്തിന്റെ തള്ളിക്കയറ്റം. ഈവക ഞരമ്പുരോഗപ്രകടനങ്ങൾക്ക് പത്രസ്ഥലം മുടക്കുന്നതിനുമുമ്പായി ഉത്തരവാദപ്പെട്ട പത്രാധിപന്മാർ അവയെപ്പറ്റി ശാസ്ത്രീയമായി അന്വേഷണം നടത്തിയിരുന്നെങ്കിൽ എത്ര നന്നായിരുന്നു. ‘മുക്കാലും മൂഢരാണിജ്ജഗതി ബുധജനം ദുർല്ലഭം’ എന്ന് വെറുതെയല്ല കവി പാടിയത്.

(യുക്തിവിഹാരം 1968)

□

# കുറ്റിപ്പുഴ കൃഷ്ണപിള്ള



ജനനം: 1-8-1900
പിതാവ്: ഊരുമനയ്ക്കൽ ശങ്കരൻ നമ്പൂതിരി
മാതാവ്: കുറുങ്ങാട്ട് ദേവകി അമ്മ
വിദ്യാഭ്യാസം: വിദ്വാൻ പരീക്ഷ, എം. എ.

ആലുവാ അദ്വൈതാശ്രമം ഹൈസ്കൂൾ അദ്ധ്യാപകൻ, ആലുവ യൂണിയൻ ക്രിസ്ത്യൻ കോളേജ് അദ്ധ്യാപകൻ, കേരള സാഹിത്യ അക്കാദമി പ്രസിഡന്റ് 1968–71, കേന്ദ്ര സാഹിത്യ അക്കാദമി അംഗം, ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട് ഭരണസമിതിയംഗം, കേരള സർവ്വകലാശാലയുടെ സെനറ്റംഗം, ബോർഡ് ഓഫ് സ്റ്റഡീസ് അംഗം, പാഠ്യ പുസ്തക കമ്മിറ്റി കൺവീനർ (1958), ബാല സാഹിത്യ ശില്പശാല ഡയറക്ടർ (1958), 'ദാസ് ക്യാപിറ്റൽ' മലയാളപരിഭാഷയുടെ ചീഫ് എഡിറ്റർ, കേരള സാഹിത്യ സമിതി പ്രസിഡന്റ്.

## കൃതികൾ

സാഹിതീയം, വിചാരവിപ്ലവം, വിമർശ രശ്മി, നിരീക്ഷണം, ഗ്രന്ഥാവലോകനം, ചിന്താതരംഗം, മാനസോല്ലാസം, മനന മണ്ഡലം, സാഹിതീകൗതുകം, നവദർശനം, ദീപാവലി, സ്മരണമഞ്ജരി, കുറ്റിപ്പുഴയുടെ തിരഞ്ഞെടുത്ത ഉപന്യാസങ്ങൾ, വിമർശ ദീപ്തി, യുക്തിവിഹാരം, വിമർശനവും വീക്ഷണവും, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ—തത്വചിന്ത, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ—സാഹിത്യവിമർശം, കുറ്റിപ്പുഴയുടെ പ്രബന്ധങ്ങൾ—നിരീക്ഷണം.

ചരമം: 11-2-1971

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളോ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണു ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

---

സായാഹ്ന ഫൗണ്ടേഷൻ, ജഗതി, തിരുവനന്തപുരം 695014